പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3021 **29-10-2026-ൽ മറുപടിയ്ക്ക്**

തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ ടീച്ചർ ഹിന്ദി തസ്തികയിലെ ഒഴിവുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ജോയി ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ ടീച്ചർ ഹിന്ദി തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

മറുപടി: തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ ടീച്ചർ ഹിന്ദി തസ്തികയിൽ 13 ഒഴിവുകളാണ് നിലവിലുള്ളത്.

(ബി) 2027, 2028, 2029 വർഷങ്ങളിൽ എത്ര ഹൈസ്കൂൾ ഹിന്ദി അധ്യാപകർ വിരമിക്കുമെന്ന് വ്യക്തമാക്കാമോ;

മറുപടി: 2027, 2028, 2029 വർഷങ്ങളിൽ ഹിന്ദി അധ്യാപക തസ്തികയിൽ വിരമിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

1. 2027 വർഷം - 9

2. 2028 വർഷം - 7

3. 2029 വർഷം - 10

(സി) 2026-27 അധ്യയന വർഷത്തിലെ അധ്യാപക തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ ടീച്ചർ ഹിന്ദി തസ്തികയിൽ എത്ര പുതിയ തസ്തികകൾ നിലവിൽ വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

മറുപടി: ഉണ്ട്. പുതിയ തസ്തികകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഹയർ ലെവൽ വെരിഫിക്കേഷൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) എന്നുവരെ നിലവിൽ വന്ന തസ്തികകളാണ് (ഹിന്ദി HSA) പി എസ് സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

മറുപടി: 24/07/2026 വരെയുള്ള ഒഴിവുകളാണ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ